"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - മാവേലിക്കര നഗരസഭയിലെ സെക്ഷൻ സൂപ്രണ്ട് ശ്രീ. ലാൽ പ്രമോദ്.പി, സീനിയർ ക്ലാർക്ക് ശ്രീ.അഷറഫ്.കെ എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2095/2023/LSGD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.12.2018 തീയതിയിലെ ഇ6(എസ്.സി. 26/2018/എ.എൽ.പി.)36838/2018 നമ്പർ കത്ത്
2. 11.06.2021 തീയതിയിലെ ഇയു2-111/2021/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. പ്രിൻസിപ്പൽഡയറക്ടറുടെ 01.10.2023 തീയതിയിലെ LSGD/PD/2746/2023-VIGA6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാവേലിക്കര നഗരസഭയിൽ 03.11.2018ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ സെക്ഷൻ സൂപ്രണ്ട് ശ്രീ. ലാൽ പ്രമോദ്.പി, സീനിയർ ക്ലാർക്ക് ശ്രീ.അഷറഫ്.കെ എന്നിവർക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം 2പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടിയാളുകൾ സമർപ്പിച്ച എതിർവാദപത്രികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേനെ അന്വേഷണം നടത്തി സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 03.11.2018 തീയതിയിൽ മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ മാവേലിക്കര നഗരസഭയിലെ പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ്-1 ശ്രീമതി ഡി. സുഭദ്ര, സീനിയർ ക്ലർക്ക് ശ്രീ. അഷറഫ് കെ. എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്തിരുന്നില്ലെന്നും ആയത് ജനറൽ സെക്ഷൻ സൂപ്രണ്ടിന്റെ വീഴ്ചയാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 2018 വർഷത്തിൽ എല്ലാ ദിവസവും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ക്യാഷ് രേഖപ്പെടുത്തണമെന്ന് രണ്ടു പ്രാവശ്യം ജനറൽ സെക്ഷൻ സൂപ്രണ്ട് അറിയിപ്പ് നല്കിയിരുന്നു. ഓവർസിയർമാർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ഹാജർ ബുക്ക്, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവയുടെ പരിശോധനയും സൂക്ഷിപ്പും

മുനിസിപ്പൽ എഞ്ചിനിയർക്കാണ്. വിജിലൻസ് പരിശോധനയ്ക്ക് മുൻപുള്ള ദിവസങ്ങളിൽ ശ്രീ.അഷറഫ് കൃത്യമായി ക്യാഷ് രജിസ്റ്റർ എഴുതിയിരുന്നതാണ്. വിജിലൻസ് പരിശോധന നടത്തിയ ദിവസമായ 03/11/2018 തീയതിയിൽ റീ ബിൽഡ് കേരളയുടെ അപ്പിൽ, കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ, മറ്റ് വിവിധ അപേക്ഷകൾ സമർപ്പിക്കുന്നതിനായെത്തിയ പൊതുജനങ്ങളുടെ ബാഹുല്യം എന്നിവമൂലമുള്ള തിരക്കുകൾ കാരണം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി പരിശോധിക്കാൻ സൂപ്രണ്ട് ശ്രീ. ലാൽ പ്രമോദിന് കഴിഞ്ഞില്ല. 2018-ലെ മഹാപ്രളയത്തിന്റെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നഗരസഭയുടെ ചുമതലകൾ വഹിക്കുന്നതിനിടയിൽ ആകസ്മികമായി സംഭവിച്ചിട്ടുള്ളതും മന:പൂർവ്വമല്ലാത്തതുമാണെങ്കിലും ടി നടപടി ന്യായീകരിക്കാൻ കഴിയാത്തതാണ് എന്നും 03.11/2018 തീയതിയിലെ വിജിലൻസ് പരിശോധനയ്ക്ക് ശേഷമുള്ള കാലയാളവിലെ ക്യാഷ് രജിസ്റ്റർ പരിശോധിച്ചതിൽ ആയത് കൃത്യമായി രേഖപ്പെടുത്തി വരുന്നതായി ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു.

3. മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ.അഷറഫ് 03/11/2018 തീയതിയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ക്യാഷ് വിവരം രേഖപ്പെടുത്തിയിട്ടില്ല എന്നാണ് കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ളത്. 2018 - ലെ പ്രളയവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപ്പിൽ സമർപ്പിക്കുന്നതിനും പെർമിറ്റ് മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുമായി ഓഫീസിൽ ധാരാളം പൊതുജനങ്ങൾ ഉണ്ടായിരുന്നതിനാലും ജോലിത്തിരക്കിനിടയിൽ ഹാജർ രേഖപ്പെടുത്തിയെങ്കിലും ക്യാഷ് രജിസ്റ്റർ എഴുതുവാൻ വിട്ടുപോയി എന്നാണ് ശ്രീ.അഷറഫ് എതിർവാദ പത്രിക യിൽ സൂചിപ്പിച്ചിട്ടുള്ളത്.

4. സേവനം നല്ലേണ്ട കാലാവധി കഴിഞ്ഞിട്ടും സങ്കേതം സോഫ്റ്റ് വെയറിലെ ടിയാന്റെ സെക്ഷനിൽ നടപടിയെടുക്കാതെ കിടക്കുന്ന കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകൾ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഒരു പ്രാവശ്യം റിട്ടേൺ ചെയ്തു നൽകാവുന്നതാണെന്നും എന്നാൽ തുടർന്നും സമർപ്പിക്കപ്പെട്ടവയിൽ വീണ്ടും അപാകത കണ്ടെത്തിയാൽ ആയത് റിജക്ട് ചെയ്ത് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടെന്നും ആയത് സംബന്ധിച്ച അറിയിപ്പ് അപേക്ഷകർക്ക് നല്ലിയിരുന്നുവെന്നും എതിർവാദ പത്രികയിൽ സുചിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടി അപേഷകൾ റിജക്റ്റ് ചെയ്തിരുന്നില്ല. ഇതേ അപേക്ഷകർ തന്നെ പുതിയ അപേക്ഷ സമർപ്പിച്ച് ആയതിന്മേൽ സേവനം ലഭ്യമാക്കിയിട്ടുള്ളതുമാണ് എന്നുമാണ് ശ്രീ.അഷറഫ് സൂചിപ്പിച്ചിട്ടുള്ളത്. ഫയലുകൾ റിജക്റ്റ് ചെയ്യപ്പെടാതെ കിടന്നതിനാലാണ് ടി സോഫ്റ്റ് വെയറിൽ അപേക്ഷകൾ പെൻഡിംഗ് ആയി പരിശോധന സമയത്ത് കണ്ടെന്നുമാണ് ശ്രീ.അഷ്റഫ് വാദിക്കുന്നത്. സങ്കേതം സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാർ മൂലം ഇത്തരത്തിൽ പെൻറിങ് ഫയൽ ആയി കാണപ്പെട്ടവ പിന്നീട് പരിഹരിച്ചിട്ടുണ്ടെന്നും ടിയാൻ എതിർവാദ പത്രികയിൽ ബോധിപ്പിച്ചിരിക്കുന്നു.

5. പെർമിറ്റ് ആപ്ളിക്കേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ലായെന്ന കുറ്റാരോപണത്തിന് കെട്ടിട നിർമ്മാണനുമതി നല്ലുന്നതിന് അംഗീകാരം ലഭിക്കുമ്പോൾ മാത്രം രജിസ്റ്ററിൽ പെർമിറ്റ് വിവരങ്ങൾ ചേർത്തുവരുന്ന രീതിയാണ് മുൻകാലങ്ങളിൽ നഗരസഭയിൽ ചെയ്തുവന്നിരുന്നതെന്നും, ടി രീതി ടിയാനും തുടരുകയുമാണുണ്ടായതെന്നുമാണ് ശ്രീ. അഷറഫ് ബോധിപ്പിക്കുന്നത്. എന്നാൽ നിലവിൽ ടി അപാകത പരിഹരിച്ചിട്ടുണ്ടെന്നും അറിവില്ലായ്മ മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നുമാണ് ടിയാൻ അറിയിച്ചിട്ടുള്ളത്

6. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.അഷറഫ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്താതിരുന്നത് ഗൌരവമുള്ള വീഴ്ച തന്നെയാണെന്ന് കാണുന്നതായും എന്നാൽ 2018 ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപ്പീൽ സമർപ്പിക്കുന്നതിനും കെട്ടിടനിർമ്മാണാനുമതിക്കും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കുമായി ഓഫീസിലെത്തിയ പൊതുജനങ്ങൾക്ക് സേവനം നല്കുന്ന തിരക്കിനിടയിൽ ക്യാഷ് ഡിക്ലറേഷൻ നടത്താൻ കഴിയാതെ പോയതെന്നാണ് ശ്രീ. അഷറഫ്.കെ യും സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ശ്രീ.ലാൽ പ്രമോദും വാദിക്കുന്നത്. 2018 ലെ പ്രത്യേക സാഹചര്യം പരിഗണിക്കുമ്പോഴും ശ്രീ.അഷറഫിന്റെ ഭാഗത്ത് ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു. 03/11/2018ലെ വിജിലൻസ് പരിശോധനയ്ക്ക് മുൻപും ശേഷവും ടിയാൻ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്തു വരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് എന്നും Under processing എന്ന ഗണത്തിൽ കണ്ടിരുന്ന അപേക്ഷകൾ ടി സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാർ നിമിത്തമാണെന്നും, ടി സോഫ്റ്റ് വെയർ മുഖേന ഫയൽ പ്രോസസിംഗ് നടത്തുന്നതിലെ അപാകത പിന്നീട് പരിഹരിച്ചിട്ടുള്ളതുമാണെന്നും കാണുന്നു. എന്നാൽ നിലവിൽ IBPMS സോഫ്റ്റ് വെയർ മുഖേനയാണ് കെട്ടിട നിർമ്മാണം സംബന്ധിച്ച അപേക്ഷകൾ കൈകാര്യം ചെയ്തുവരുന്നതെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട് എന്നും പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുന്നു.

7. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 03.11.2018-തീയതിയിൽ മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനക്ക് ശേഷമുള്ള കാലയളവിൽ ടി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിവന്നിരുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും, സീനിയർ ക്ലർക്ക് ശ്രീ.അഷറഫ്.കെ എന്നവർക്ക് നൽകിയ കുറ്റാരോപണ മെമ്മോയിൻമേൽ ടിയാൻ സമർപ്പിച്ച എതിർവാദപത്രിക പ്രകാരവും അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രേഖപ്പെടുത്തൽ, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിന്റെ പരിപാലനം എന്നിവയിൽ ടിയാന് ശ്രദ്ധക്കുറവുണ്ടായിട്ടുള്ളതായും, മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായും കാണുന്നതായും അറിയിക്കുന്നു. ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായും തികഞ്ഞ ജാഗ്രതയോടും ഉത്തരവാദിത്തത്തോടും ജോലി നിർവ്വഹിക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേൽ ജീവനക്കാരുടെ മറുപടി, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ സീനിയർ ക്ലർക്ക് ശ്രീ.അഷറഫ്.കെ, സൂപ്രണ്ട് ശ്രീ.ലാൽ പ്രമോദ് എന്നിവരുടെ ഭാഗത്ത് നിന്നും ശ്രദ്ധക്കുറവും, മന:പൂർവ്വമല്ലാത്ത വീഴ്ചയും ഉണ്ടായിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ മാവേലിക്കര നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ.അഷറഫ്.കെ, സൂപ്രണ്ട് ശ്രീ.ലാൽ പ്രമോദ് എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, പ്രസ്തുത വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ടിയാളുകൾക്ക് "താക്കീത്" നല്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.അഷറഫ്.കെ, സീനിയർ ക്ലർക്ക്, മാവേലിക്കര നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ലാൽ പ്രമോദ്, സുപ്രണ്ട്, മാവേലിക്കര നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-10-2023 12:11:32
സെക്ഷൻ ഓഫീസർ